# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.263 — 11.12.2014 ൽ മറുപടിയ്ക്ക്

### നെല്ല് സംഭരണ വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. സി.കെ.സദാശിവൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിക്കുന്ന നെല്ലിന്റെ വില കർഷകർക്ക് ഉടൻ തന്നെ ലഭ്യമാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ;<br><br>(ബി) ഈ പദ്ധതി പ്രകാരം സംഭരണം കഴിഞ്ഞ് എത്ര ദിവസത്തിനകമാണ് കർഷകർക്ക് നെല്ലിന്റെ വില നൽകേണ്ടത്; | (എ) യും (ബി) യും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിക്കുന്ന നെല്ലിന്റെ വില കർഷകർക്ക് ഉടൻ തന്നെ ലഭ്യമാക്കുന്നതിനായി EPRS എന്നൊരു പദ്ധതി ഈ സീസൺ മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. കർഷകരിൽ നിന്ന് നെല്ല് ഏറ്റെടുക്കുന്ന സമയത്ത് തന്നെ EPRS സംവിധാനത്തിൽ പാഡി റസീറ്റ് ഷീറ്റ് കർഷകന് നൽകുന്നതോടൊപ്പം പാഡി മാർക്കറ്റിംഗ് ഓഫീസർക്കും, പാഡി പേമെന്റ് ഓഫീസർക്കും ഇലക്ട്രോണിക് സംവിധാനം വഴി അതിന്റെ പകർപ്പ് ലഭിക്കുന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. ഇതിനായി കർഷകർ നേരിട്ട് ഓഫീസുകളിൽ പോകേണ്ട ആവശ്യമില്ല. പാഡി പേമെന്റ് ഓഫീസർക്ക് പകർപ്പ് ലഭിച്ചാലുടൻ നെല്ലിന്റെ വില കർഷകന് ലഭ്യമാക്കുന്നതിന് സാധിക്കും. |
| (സി) ഏത് സംവിധാനം വഴിയാണ് കർഷകർക്ക് തുക ലഭ്യമാക്കുന്നത്; ഈ പദ്ധതിയുടെ പ്രയോജനം കർഷകർക്ക് ലഭ്യമായിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരാതി ഉയർന്നിട്ടുണ്ടോ; | (സി) സംഭരിച്ച നെല്ലിന്റെ വില വേഗത്തിൽ കർഷകർക്ക് നൽകുന്നതിനായി ദേശസാൽകൃത ബാങ്കുകളായ കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയുമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ട്.<br><br>കൂടാതെ കോർപ്പറേഷൻ ബാങ്കുകളിൽ നിന്ന് നേരിട്ട് വായ്പ എടുത്തും കർഷകർക്ക് സംഭരണ വില നൽകുന്നുണ്ട്. ടി ഇനത്തിൽ വരുന്ന പലിശ കോർപ്പറേഷനാണ് വഹിക്കുന്നത്. |
| (ഡി) നിലവിൽ കർഷകർക്ക് നൽകാനുള്ള സംഭരണ വില കുടിശ്ശിക എത്രയാണ്; ഇത് എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (ഡി) 2014-15 ഒന്നാം സീസണിൽ ഇതുവരെ (04.12.2014) നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് 58.63 കോടി രൂപ നൽകുവാനുണ്ട്. സംസ്ഥാന സർക്കാരിൽ നിന്നും 150.93 കോടി രൂപ നെല്ല് സംഭരണയിനത്തിൽ സപ്ലൈകോയ്ക്ക് |

നൽകുവാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കർഷകർക്ക് നെല്ല് വില നൽകുന്നതിനുള്ള തുക സപ്ലൈകോയ്ക്ക് നൽകുന്നതാണ്.

| | | | |
|---|---|---|---|
| (ഇ) | കർഷകർക്ക് സംഭരണ വില യഥാസമയം ലഭിക്കുന്നതിനും സ്വകാര്യ മില്ലുടമകളുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) | സ്വകാര്യ മില്ലുടമകളുടെ ചൂഷണത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിനായാണ് ഇന്ത്യയിൽ നിലവിലുള്ള ഏറ്റവും കൂടിയ സംഭരണ വില കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകി (കിലോ ഗ്രാമിന് 19 രൂപ) കേരള സർക്കാർ കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നത്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവില 13 രൂപ 60 പൈസ മാത്രമാണ്.<br><br>നെൽ വില യഥാസമയം നൽകുന്നതിനായി ദേശസാൽകൃത ബാങ്കുകളായ കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ ബാങ്കുകളിൽ നിന്ന് നേരിട്ട് വായ്പ എടുത്തും കർഷകർക്ക് സംഭരണ വില നൽകുന്നുണ്ട്. |

Beena

സെക്ഷൻ ഓഫീസർ